01
ഏപ്രിൽ
2019

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448



*ചിന്നനുറുമ്പ്, കണ്ണനുറുമ്പ്, പുളിയുറുമ്പ്, ക്രിക്കനുറുമ്പ് എന്നിവരുടെ വൈറലായ ഒരു ടിക്ടോക് ചലഞ്ച്*

## ടിക് ടോക് ചലഞ്ചിനിടെ ചതഞ്ഞരഞ്ഞ് മരണപ്പെട്ടു

തവളക്കാട്- ടിക്ടോക് ചലഞ്ചിനിടെ കാട്ടിന്നകം ഗവൺമെന്റ് കോളേജിൽ പഠിക്കുന്ന നാല് വിദ്യാർത്ഥികൾക്ക് ദാരുണാന്ത്യം. ചിന്നനുറുമ്പ്, കണ്ണനുറുമ്പ്, പുളിയുറുമ്പ്, ക്രിക്കനുറുമ്പ് എന്നിവരാണ് നാടിനെ കണ്ണീരിലാഴ്ത്തി മരണപ്പെട്ടത്. 'നില്ല് നില്ല് എന്റെ നീല ക്കുയിലേ' എന്ന പഴയ സിനിമാ ഗാനം പാടി കൈയിൽ പുല്ലുമേന്തി കാണുന്ന വണ്ടികൾക്കു മുന്നിൽ ചാടി നൃത്തം വെക്കുന്നതാണ് ചലഞ്ച്. ബസിനും ട്രെയിനിനും മുന്നിലെല്ലാം ചാടി ഇതുപോലെ നൃത്തം ചെയ്തത് പലയിടത്തും പ്രശ്നമായിരുന്നു.

എന്നാൽ ഇന്നലെ കോളേജ് വിദ്യാർഥികൾ നൃത്തം വെക്കാനായി ചാടിയത് മന്നനാനയുടെ മുന്നിലായിരുന്നു. ചെങ്കണ്ണ് വന്ന് വൈദ്യരെ കാണിക്കാൻ പോയി മടങ്ങിവരികയായിരുന്നു മന്നനാന. കണ്ണിൽ ഇളനീർ കുഴമ്പ് ഇറ്റിച്ചതിനാൽ നന്നായി കണ്ണ് കാണുന്നുമുണ്ടായിരുന്നില്ല. അന്നേരമാണ് വിദ്യാർഥികൾ മന്നന്റെ മുന്നിലേക്ക് പാട്ടുപാടി ചാടിയത്. എന്നാൽ മുന്നിലുള്ള വിദ്യാർഥികളെ താൻ കണ്ടില്ലെന്നും തന്റെ കാലിന്നടിയിൽ പെട്ട വിദ്യാർഥികളുടെ നിലവിളിയാണ് പിന്നെ കേട്ടതെന്നും മന്നൻ പറഞ്ഞു.

## അടുത്താഴ്ച മുതൽ പുതിയ ക്ലൈമാക്സ് –ലബ്വൻ ചീങ്കണ്ണി

മയിൽപ്പാലം- തന്റെ പുതിയ സിനിമയായ 'ഒരു അഡാറ് കുളം' എന്ന സിനിമയിൽ അടുത്തയാഴ്ച മുതൽ പുതിയ ക്ലൈമാക്സ് ആയിരിക്കും എന്ന് സംവിധായകൻ ലബ്വൻ ചീങ്കണ്ണി. നായകൻ റേഷൻ എലി ജലദോഷം വന്ന് മരിക്കുന്ന ക്ലൈമാക്സ് ഇഷ്ടമായില്ല എന്ന് ഒരുപാട് പേർ അഭിപ്രായപ്പെട്ടതിനെ തുടർന്നാണ് ഈ മാറ്റം എന്ന് അദ്ദേഹം പറഞ്ഞു.

ജലദോഷം വന്നയുടനെ ഒരു പാരസറ്റമോൾ തിന്ന് അസുഖം ഭേദമാകുന്നതാണ് പുതിയ ക്ലൈമാക്സ് എന്നും എന്നാൽ പ്രേക്ഷകരെ വിസ്മയിപ്പിക്കുന്ന മറ്റൊരു ട്വിസ്റ്റ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ലബ്വൻ പറഞ്ഞു. സോഷ്യൽ മീഡിയയിൽ ലബ്വനെതിരെയും സിനിമക്കെതിരെയും വ്യാപകമായ എതിർപ്പുകളാണ് വന്നുകൊണ്ടിരിക്കുന്നത്.

ആ ട്വിസ്റ്റ് ഞങ്ങൾക്കറിയാമെന്നും നായിക മയിൽറാണി തുമ്മൽ വന്ന് മരിക്കുന്നതല്ലേ എന്നായിരുന്നു ഒരു വിരുതന്റെ കമന്റ്. നായികക്കെതിരെയും ഹെയ്റ്റേഴ്സ് നന്നായിത്തന്നെ സോഷ്യൽമീഡിയയിലുണ്ട്.

## കാട്ടർഗോട്ടെ ഇരട്ട കൊലപാതകം, എഴുത്തുകാരെന്താ മിണ്ടാത്തത്?



*മുന്നിയാട്*

താറാവുപുരം- വളരെ ആസൂത്രിതമായി ഞങ്ങടെ രണ്ട് പാർട്ടിക്കാരെ കൊലപ്പെടുത്തിയിട്ട് അതിനെതിരെ എഴുത്തുകാർ മിണ്ടാത്തതെന്താണ് എന്ന് ജംഗിൾ കോൺഗ്രസ് യൂത്ത് നേതാവ് ജംഗൻ കുറുക്കൻ. ഭരിക്കുന്ന പാർട്ടിയാണ് കൊലക്ക് പിന്നിൽ എന്നതു കൊണ്ട് അവർക്കെതിരെ പറഞ്ഞാൽ അവാർഡൊന്നും കിട്ടില്ല എന്നതുകൊണ്ടാണോ ഈ മൗനം എന്നും അദ്ദേഹം പരിഹസിച്ചു. എന്നാൽ ഞങ്ങൾ മിണ്ടിയാൽ നിങ്ങൾ പാർട്ടിക്കാർ പരസ്പരം വെട്ടുന്നതും കൊല്ലുന്നതും നിർത്തുമെങ്കിൽ ഞങ്ങൾ സദാ മിണ്ടിക്കൊണ്ടിരിക്കാം എന്ന് പ്രമുഖ എഴുത്തുകാരി മുന്നിയാട് പറഞ്ഞു. ഞങ്ങളല്ല, നിങ്ങൾ നേതാക്കളാണ് ഈ കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കേണ്ടത് എന്നും അവർ പറഞ്ഞു.

## ടിക്ടോക് സർഗാത്മകമായി ഉപയോഗിക്കണം



തിരുവനംപുരം- പുതിയ കാലം ശരിക്കും ഒട്ടേറെ സാധ്യതകളുടെ കാലമാണെന്നും അതിനെ സർഗാത്മകമായി ഉപയോഗിക്കുകയാണ് വേണ്ടതെന്നും മുഖ്യമന്ത്രി ചടയൻ സിംഹം പറഞ്ഞു. ടിക്ടോക് ദുരന്തത്തെപ്പറ്റി സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും അവരവരുടെ കഴിവിനെ പരിപോഷിപ്പിക്കാനും വളരാനുമൊക്കെയുള്ള സാഹചര്യമാണ് ടിക്ടോക് പോലുള്ള സംവിധാനങ്ങൾ നൽകുന്നത്. അതിനെ ജീവിതം ബലി നൽകുന്ന രീതിയിലൊക്കെ ആക്കിത്തീർക്കുന്നത് സങ്കടകരമാണ്. ഉറങ്ങിക്കിടക്കുന്നവരുടെ മൂക്കിൽ പുല്ലിട്ട് കുത്തി അവരെ എടങ്ങേറാക്കി അത് വീഡിയോ പിടിച്ച് വൈറലാക്കുന്ന പോലെയുള്ള കളികളൊന്നും നമുക്ക് ഒരു നൻമയും നൽകില്ല. നിങ്ങൾക്കെല്ലാവർക്കും ദൈവം നൽകിയ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തൂ എന്നും മുഖ്യന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയും ടിക്ടോകിൽ സജീവമാണ്. അങ്ങേരുടെ 'കാറ്റേ നീ വീശരുതിപ്പോൾ' എന്ന ഗാനവുമായുള്ള അഭിനയം വൈറലായിരുന്നു.